(ഡി) ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനത്തിന് 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 125 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. കൂടാതെ കേന്ദ്രസഹായം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് ആന്വൽ ആയുഷ് പ്ലാൻ പ്രകാരം 1106.747 ലക്ഷം രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ട്.

ക്യാൻസർ രോഗികളുടെ എണ്ണം

39 (2248) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്യാൻസർ രോഗികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്തെ മൊത്തം ക്യാൻസർ രോഗികളുടെ എണ്ണം കൃത്യമായി ലഭ്യമല്ല. എന്നാൽ കേരളത്തിൽ ഓരോ വർഷവും അമ്പതിനായിരത്തോളം പുതിയ ക്യാൻസർ കേസ്സുകൾ കണ്ടുപിടിക്കപ്പെടുന്നുണ്ട്.

ക്യാൻസർ രോഗികളുടെ വർദ്ധന

40 (2249) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരിൽ ഭൂരിഭാഗം പേരിലും ക്യാൻസർ കണ്ടെത്തിയിട്ടുള്ളത് അവസാനസമയത്താണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് ഒഴിവാക്കുന്നതിനായി എല്ലാ പി.എച്ച്. സി. കളിലും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഇപ്പോൾത്തന്നെ ആർ.സി.സി.യിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും എപ്പിഡമിയോളജി വിഭാഗവും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ നടത്തിവരുന്നു. എന്നാൽ ഇത് എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും വ്യാപിപ്പിക്കുന്നത് തത്കാലം പരിഗണനയിലില്ല

കീടനാശിനി പ്രയോഗിച്ച പച്ചക്കറി ചെക്ക്പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് സംവിധാനങ്ങൾ

41 (T2250) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പഴങ്ങളും പച്ചക്കറികളും കീടനാശിനി അമിതമായി ഉപയോഗിച്ചവയാണോ എന്ന് പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ ;

(ബി) എങ്കിൽ അവ എന്തെല്ലാമാണെന്നും എവിടെയൊക്കെയാണ് ഉള്ളതെന്നും വിശദമാക്കാമോ ?

ഉത്തരം

(എ&ബി) അന്യസംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പഴങ്ങളും പച്ചക്കറികളും പരിശോധിക്കാൻ അന്തർസംസ്ഥാന ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ച് നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അത്തരത്തിൽ കൊണ്ടുവരുന്നത് ഉൾപ്പെടെയുള്ള എല്ലാത്തരം ഭക്ഷ്യോല്പന്നങ്ങളുടെയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly